**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 504** **09-07-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖത്തിൽ ജോലികൾക്ക് പ്രദേശവാസികളുടെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്തർദേശീയ തുറമുഖത്തിലെ വിവിധ ജോലികൾക്ക് പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ: എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | തദ്ദേശീയരായ യുവതീയുവാക്കൾക്ക് തുറമുഖവുമായി ബന്ധപ്പെട്ട മേഖലയിൽ പരിശീലനം നേടുവാൻ വിഭാവനം ചെയ്തിട്ടുള്ള സ്ഥാപനമാണ് വിഴിഞ്ഞത്തെ ASAP ന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. VISL അനുവദിച്ചു നൽകിയ ഭൂമിയിൽ നിർമ്മാണം പൂർത്തിയാക്കിയ നൈപുണ്യ പരിശീലന കേന്ദ്രത്തിൽ (Community Skill Park) അന്താരാഷ്ട്ര തുറമുഖത്തിന്റെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) വിവിധ കോഴ്സുകൾ ആവിഷ്ക്കരിച്ച് ASAP മായി ചേർന്ന് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br><br>ഈ പദ്ധതിയിലൂടെ തദ്ദേശീയരായ യുവതീ യുവാക്കൾക്ക് തുറമുഖാനുബന്ധ കോഴ്സുകളിലുൾപ്പെടെ പ്രാവീണ്യം നേടാൻ സാധിക്കുന്നതാണ്. നിലവിൽ, തുറമുഖാനുബന്ധ മേഖലയിൽ ആവശ്യമായ നൈപുണ്യം കൈവരിച്ചിട്ടുള്ള യുവതീ യുവാക്കൾ ഈ പ്രദേശത്ത് തുലോം കുറവാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു പദ്ധതിക്ക് തുടക്കം കുറിച്ചത്. ഇതിലൂടെ ഈ മേഖലയിൽ ആവശ്യമായ നൈപുണ്യം നേടുവാനുള്ള അവസരം തദ്ദേശവാസികൾക്ക് ലഭിക്കുകയും തദ്വാര വിഴിഞ്ഞം തുറമുഖത്തിലോ മറ്റേതെങ്കിലും തുറമുഖങ്ങളിലോ തൊഴിൽ സാദ്ധ്യത കൈവരിക്കുന്നതിന് തദ്ദേശീയർ പ്രാപ്തരാകുന്നതുമാണ്.<br><br>കൂടാതെ, പരോക്ഷമായി വരുന്ന തൊഴിൽ സാദ്ധ്യതകൾ മനസ്സിലാക്കി വിവിധങ്ങളായ മറ്റ് കോഴ്സുകളും ഈ നൈപുണ്യ പരിശീലന കേന്ദ്രം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. തൊഴിലന്വേഷകർക്ക് താത്പര്യാർത്ഥം ഏത് തരം കോഴ്സുകളിൽ വേണമെങ്കിലും പഠിക്കുവാനും തുടർന്ന് അവർക്ക് |

| | | | |
|---|---|---|---|
| | | | ഇഷ്ടപ്പെട്ട രീതിയിൽ ഉപജീവനം കണ്ടെത്തുവാനും സാധിക്കുന്നതാണ്. തീരപ്രദേശത്തെ തൊഴിൽ രീതികൾ മനസ്സിലാക്കി മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടും വിവിധങ്ങളായ കോഴ്സുകൾ നടത്തുവാൻ ASAP ഉദ്ദേശിക്കുന്നുണ്ട്.<br><br>ഇവിടെ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ASAP സജ്ജീകരിച്ചിട്ടുണ്ട്. ആവശ്യമായ ലാബ് സജ്ജീകര ണങ്ങളോടുകൂടിയ ക്ലാസ് റൂം, യോഗ്യരായ അദ്ധ്യാപക രെയും അനധ്യാപകരെയും ചുമതലപ്പെടുത്തുന്ന ഉത്തരവാദിത്തം എന്നിവ ട്രെയിനിംഗ് പങ്കാളിയായ AVPPL നടപ്പിലാക്കുന്നതാണ്. കൂടാതെ, ASAP, VISL, AVPPL, ഫിഷറീസ് വകുപ്പ് എന്നിവരുൾപ്പെടുന്ന ഒരു ഗവേണിംഗ് കൗൺസിൽ ഉണ്ടായിരിക്കും. കോഴ്സുകൾ തെരഞ്ഞെടുക്ക ന്നതിനായി മേൽപ്പറഞ്ഞ ഏജൻസികളെ ചേർത്തു കൊണ്ട് ഒരു അക്കാഡമിക് കൗൺസിൽ രൂപീകരിക്ക ന്നതാണ്.<br><br>നിലവിൽ നൈപുണ്യ പരിശീലന കേന്ദ്രത്തിൽ നടപ്പിലാക്കി വരുന്ന കോഴ്സുകളെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>മേൽപ്പറഞ്ഞ ചെറു ദൈർഘ്യമുള്ള കോഴ്സുകളിൽ 2016 മുതൽ 2024 വരെയുള്ള കാലയളവിൽ 14848 പേർക്ക് അഡ്മിഷൻ നടത്തിയിട്ടുണ്ട്. നാഷണൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ (NSDC) അംഗീകാരമുള്ള ഡൊമെയ്ൻ കോഴ്സുകളിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിൽ 1320 പേർ പരിശീലനം പൂർത്തിയാക്കുകയും 693 പേർക്ക് ഇതുമായി ബന്ധപ്പെട്ട വിവിധ തൊഴിലുകൾ ലഭിക്കുകയുമുണ്ടായി. 2024 ൽ തുറമുഖാനുബന്ധ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്. തുറമുഖവുമായി ബന്ധപ്പെട്ട കൂടുതൽ കാല ദൈർഘ്യമുള്ള കോഴ്സുകൾ (ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ) ഉടനടി ആരംഭിക്കുകയും ഇവയിൽ പരിശീലനം നേടുന്നവർക്ക് വിഴിഞ്ഞം തുറമുഖത്തിലും മറ്റിതര തുറമുഖങ്ങളിലും ജോലി നേടാവുന്നതുമാണ്. തുറമുഖം പ്രവർത്തനക്ഷമമാകുന്നതോടുകൂടി സമീപ പ്രദേശങ്ങളിലും വിവിധ മേഖലകളിൽ വലിയ ഉണർവ് ഉണ്ടാവുകയും വിവിധ വ്യവസായങ്ങളും അനുബന്ധ വികസനങ്ങളും വരികയും നിരവധി തൊഴിലവസരങ്ങൾ പരോക്ഷമായും സൃഷ്ടിക്കപ്പെടുന്നതാണ്. തുറമുഖാധിഷ്ഠിതമായി സൃഷ്ടിക്കപ്പെ ടുന്നതിന്റെ പലമടങ്ങ് തൊഴിലവസരങ്ങൾ തുറമുഖാനു ബന്ധമായി സ്വകാര്യ മേഖലയിൽ സൃഷ്ടിക്കപ്പെടുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രദേശവാസികളുടെ പ്രശ്നങ്ങൾ കേൾക്കുവാനും അത് പരിഹരിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രദേശവാസികളുടെ പ്രശ്നങ്ങൾ കേൾക്കുവാനും പരിഹരിക്കുവാനുമായി സർക്കാർതലത്തിൽ വിവിധ യോഗങ്ങളും ചർച്ചകളും നടത്തുന്നുണ്ട്. കൂടാതെ, പദ്ധതിബാധിത പ്രദേശത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി ഒരു മോണിറ്ററിംഗ് കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ -VISL - കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ പ്രധാന മേഖലകളിലെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>**<u>I. ജീവനോപാധി നഷ്ടപരിഹാരം</u>**<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തൊഴിൽ നഷ്ടപ്പെട്ട തദ്ദേശീയരായ മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽ അർഹരായ ചിപ്പി/ ലോബ്സ്റ്റർ വിഭാഗത്തിലെ കട്ടമരച്ചിപ്പിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാരമായി ആളൊന്നിന് 12,50,000/- രൂപയും കരച്ചിപ്പിത്തൊഴിലാളികൾക്ക് 2,00,000/- രൂപയും ചിപ്പിക്കച്ചവടക്കാർക്ക് 1,00,000/- രൂപയും വീതം 262 പേർക്ക് 12.36 കോടി രൂപയും കരമടിത്തൊഴിലാളികൾക്ക് ആജീവനാന്ത നഷ്ടപരിഹാര മായി 915 പേർക്ക് 54.81 കോടി രൂപയും കട്ടമരത്തൊഴി ലാളികൾക്ക് നഷ്ടപരിഹാരമായി ആളൊന്നിന് 4,20,000/- രൂപ വീതം 45 പേർക്ക് 1.89 കോടി രൂപയും കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾക്ക് നഷ്ടപരിഹാര മായി ആളൊന്നിന് 1,00,000/- രൂപ വീതം 11 പേർക്ക് 00.11 കോടി രൂപയും വിതരണം ചെയ്തു കഴിഞ്ഞു. നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 31.57 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്തിട്ടുണ്ട്. റിസോർട്ട് തൊഴിലാളി കളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം പദ്ധതി ബാധിത പ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാര മായി 106.93 കോടി രൂപ ഇതിനകം തന്നെ വിതരണം ചെയ്തു കഴിഞ്ഞു. |

LIAC അപ്പീൽ കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തോടെ നാളിതുവരെ വിതരണം ചെയ്ത ജീവനോപാധി നഷ്ടപരിഹാ രത്തിന്റെ വിവരവും അനുബന്ധമായി ചേർക്കുന്നു.

ഇതിനു പുറമേ പദ്ധതി പ്രദേശത്ത് സാമൂഹിക പ്രതിബദ്ധതാ പദ്ധതി പ്രകാരം സർക്കാർ നേരിട്ടും, കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നും മറ്റനവധി സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

**II. ആരോഗ്യം**

നിലവിലെ വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 100 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. കൂടാതെ, കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനോട് ചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ്സ് സെന്റർ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ, വൃദ്ധജനങ്ങളുടെ സംരക്ഷ ണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**III. വിദ്യാഭ്യാസം**

കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിച്ചു കഴിഞ്ഞു. പ്രദേശവാസികൾക്ക് മുൻഗണന നൽകി തുറമുഖാനുബന്ധ തൊഴിൽ പരിശീലനം ഈ കേന്ദ്രം മുഖേന നൽകുന്നതാണ്.

**IV.കുടിവെള്ളം**

തുറമുഖ പദ്ധതിയ്ക്കായി 7.3 കോടി രൂപ ചെലവിൽ നിർമ്മിച്ച 3.3 ദശലക്ഷം ലിറ്ററിന്റെ പ്ലാന്റിനു പുറമേ പദ്ധതി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ൽപ്പരം) ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു. ശേഷിക്കുന്ന ചുരുക്കം വീടുകളുടെ സർവ്വേ നടത്തി എസ്റ്റിമേറ്റ് ജല അതോറിറ്റി തയ്യാറാക്കി കണക്ഷനുകൾ നൽകിവരുന്നു.

V. **ശുചിത്വം**

പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച സ്ഥലത്ത് VISL ന്റെയും AVPPL ന്റെയും ചെലവിൽ ഒരു അജൈവ ഖരമാലിന്യ സംസ്കരണ കേന്ദ്രം (MRF) സ്ഥാപിക്കുന്ന തിനായുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, SEUF എന്നിവർ ചേർന്ന് നടപ്പിലാക്കി വരുന്നു. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർ പരിപാലനത്തിനും നടത്തുന്നതാണ്. ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

**VI. പാർപ്പിടം**

കോട്ടപ്പുറം പ്രദേശത്ത് ഭവന രഹിതരായ 1026 ൽപ്പരം ആളുകൾക്ക് LIFE മിഷൻ പദ്ധതിയിലൂടെ വീട് നൽകുവാനായി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. LIFE പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞാൽ ടി 1026 പേർക്ക് മുൻഗണന നൽകി ഭവനങ്ങൾ വിതരണം ചെയ്യുന്നതാണ്.

VII. **മണ്ണെണ്ണ വിതരണം**

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൽ നിന്നും പുറപ്പെടുന്ന യന്ത്രവൽകൃത യാനങ്ങൾക്ക് നിർമ്മാണ കാലയളവിൽ പുലിമുട്ട് ചുറ്റിപ്പോകേണ്ട സാഹചര്യം പരിഗണിച്ച് എഞ്ചിൻ ശേഷിയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം 2 വർഷത്തേക്ക് അനുവദിച്ച മണ്ണെണ്ണ വിതരണം ഒരു വർഷത്തേക്ക് കൂടി വർദ്ധിപ്പിച്ച് മത്സ്യഫെഡ് മുഖേന നടത്തി വരുന്നു. പുലിമുട്ട് നിർമ്മാണം പൂർത്തിയാകാത്ത സാഹചര്യത്തിൽ നാലാമത് ഒരു വർഷത്തേക്കുകൂടി മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി സർക്കാർ നടപടി സ്വീകരിച്ച് വരുന്നു.

VIII. **മത്സ്യബന്ധന തുറമുഖ വികസനവും നവീകരണവും**

നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനിക വൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോട് കൂടിയും ആവശ്യമായ അധിക ഫിഷ് ലാന്റിംഗ് സൗകര്യങ്ങളും, ബർത്തുകളും, അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കു വാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/ GoK, VISL എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതുതായി നിർമ്മിക്കാൻ

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്ന ഫിഷ് ലാന്റിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും ഗുണഭോക്താക്കളുമായി ചർച്ച നടത്തി തീരുമാനം എടുത്താലുടൻ തുടർ നടപടി സ്വീകരിക്കുന്നതാണ്.<br><br>IX.**<u>സീഫുഡ് പാർക്ക്</u>**<br><br>തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം അടയാള പ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| Sl No. | Course |
|---|---|
| 1. | GENERAL HOUSEKEEPER |
| 2. | ITV TRUCK OPERATOR |
| 3. | LASHER |
| 4. | DIPLOMA IN WAREHOUSE MANAGEMENT |
| 5. | ORGANIC GROVER |
| 6. | RETAIL TRAINEE ASSOCIATE |
| 7. | GENERAL DUTY ASSISTANT |
| 8. | SMART PHONE TECHNICIAN |
| 9. | ASST BEAUTY THERAPIST` |
| 10. | CONSIGNMENT BOOKING ASST. |
| 11. | FINANCE & ACCOUNTING |
| 12. | AUTOMOTIVE SERVICE TECHNICIAN (A/C) |
| 13. | FITNESS TRAINER |
| 14. | ASST PLUMBER |
| 15. | DATA ENTRY OPERATOR / TALLY |
| 16. | BASIC HOME HEALTH CARE |
| 17. | SELF EMPLOYED TAILOR |
| 18. | HAIR STYLIST |
| 19. | COMPETITIVE EXAM PREPARATION |
| 20. | BASIC LIVELIHOOD TRAINING |
| 21. | ENGLISH LANGUAGE |
| 22. | SOFT SKILLS |
| 23. | DIGITAL LITERACY |

| ക്രമ നം. | മത്സ്യബന്ധന വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ നഷ്ടപരിഹാരത്തുക (കോടിയിൽ) |
|---|---|---|---|
| 1 | ചിപ്പിത്തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി ഉടമസ്ഥരും തൊഴിലാളികളും | 915 | 54.81 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾ | 11 | 0.11 |
| 4 | കട്ടമരം ഉടമസ്ഥർ | 45 | 1.89 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| 7 | സ്വയം സഹായ സംഘങ്ങൾ | 33 | 0.08 |
| | **Total** | **2697** | **106.93** |